# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം-789 30.06.2011 ൽ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയിൽ അടയ്ക്കേണ്ട വിവിധ ഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)* |
| (എ) കേരള സർവ്വകലാശാലയിൽ അടയ്ക്കേണ്ട വിവിധ ഫീസുകൾ ഏതെല്ലാം ബാങ്കുകൾ വഴിയാണ് അടയ്ക്കാവുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കേരള സർവ്വകലാശാലയിൽ അടയ്ക്കേണ്ട വിവിധ ഫീസുകൾ നേരിട്ട് ക്യാഷ് കൗണ്ടർ മുഖേനയും ജനസേവന കേന്ദ്രങ്ങൾ വഴിയും എസ്.ബി.ഐ. /എസ്.ബി.റ്റി. /സംസ്ഥാന / ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായും സ്വീകരിക്കുന്നുണ്ട്. 2011 ഏപ്രിൽ മാസം മുതൽ എസ്.ബി.ഐ./എസ്.ബി .റ്റി. / സംസ്ഥാന / ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ ഡിമാന്റ് ഡ്രാഫ്റ്റുകൾ മാത്രമേ സ്വീകരിക്കാറുള്ളൂ. |
| (ബി) ഈ ബാങ്കുകളിൽ അടയ്ക്കുന്ന തുക സർവ്വകലാശാലയ്ക്കു കൈമാറിയതു സംബന്ധിച്ച കണക്കുകൾ ഒത്തു നോക്കാറുണ്ടോ; എന്നു വരെയുള്ള കണക്കുകൾ ഒത്തു നോക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഒത്തു നോക്കാറുണ്ട്. ഓരോ ദിവസവും തൊട്ടു മുമ്പത്തെ ദിവസത്തെ കണക്കുകൾ വരെ ഒത്തു നോക്കാറുണ്ട്. |
| (സി) യൂണിവേഴ്സിറ്റിക്കുവേണ്ടി ബാങ്കുകളിൽ അടയ്ക്കുന്ന തുക പൂർണ്ണമായും സർവ്വകലാശാലയ്ക്കു കൈമാറി എന്നുറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) സർവ്വകലാശാലയ്ക്ക് വേണ്ടി ബാങ്കുകളിൽ അടയ്ക്കുന്ന തുക മുഴുവനും സർവ്വകലാശാലയ്ക്ക് കൈമാറിയെന്ന് ഉറപ്പാക്കുന്നുണ്ടെന്നും ഇതിനായി ഓരോ മാസവും കളക്ട് ചെയ്യുന്ന ഡി.ഡി.കളുടെയും എസ്.ബി.ടി./ ട്രഷറി എന്നിവയുടെയും കളക്ഷൻ സ്റ്റേറ്റ്മെന്റ് ഒത്തുനോക്കി Monthly രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താറുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*